**മധുരമായ കുട്ടികളെ - പരസ്പരം മറ്റുള്ളവർക്ക് ബഹുമാനം കൊടുക്കണം, സ്വയം മിഥ്യാ ജ്ഞാനിയാനിയാണെന്ന് കരുതരുത്. ബുദ്ധിയിലുണ്ടായിരിക്കണം എന്ത് കർമ്മമാണോ ഞാൻ ചെയ്യുന്നത്, എന്നെ നോക്കി എല്ലാവരും ചെയ്യും**

**ചോദ്യം:–** ഏതൊരവസ്ഥ ഉറപ്പിക്കുന്നതിനായി വളരെ-വളരെ പരിശ്രമിക്കണം?
**ഉത്തരം:–** ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും സ്ത്രീ–പുരുഷ ബോധം ഇല്ലാതാകണം, മനസ്സിൽ പോലും സങ്കൽപ വികൽപം നടക്കരുത്. നമ്മൾ ആത്മാക്കൾ സഹോദര–സഹോദരങ്ങളാണ്, ഈ അവസ്ഥ നേടുന്നതിൽ സമയമെടുക്കുന്നു. ഒരുമിച്ച് കഴിഞ്ഞുകൊണ്ടും വികാരങ്ങളുടെ തീ പിടിക്കരുത്. *ക്രിമിനൽ* കൃത്യം ഉണ്ടാകരുത്, ഇത് അഭ്യസിക്കണം. സർവ്വ സംബന്ധങ്ങളുടെയും *സാക്രീനായ* മാതാ–പിതാവിനെ ഓർമ്മിക്കണം.

**ഗീതം:–** ലോകം തന്നെ മാറിയാലും ഞങ്ങൾ വ്യതിചലിക്കില്ല. . .

**ഓം ശാന്തി**. ഇത് കുട്ടികളുടെ *ഗ്യാരണ്ടി* അഥവാ പ്രതിജ്ഞയാണ്. ഇത് വായിലൂടെ ചെയ്യുന്ന പ്രതിജ്ഞയല്ല. എപ്പോൾ കുട്ടി അച്ഛനെ തിരിച്ചറിയുന്നോ അപ്പോൾ തന്നെ പ്രതിജ്ഞയാകുന്നു. പദവി നേടുന്നതിനായി ഓരോരുത്തർക്കും സ്വതന്ത്രമായി പുരുഷാർത്ഥം ചെയ്യണം. *സ്കൂളിലും* ഉയർന്ന പദവിക്കായി എല്ലാവരും സ്വതന്ത്രമായാണ് പുരുഷാർത്ഥം ചെയ്യുന്നത്. ഇവിടെ ആത്മാവ് പഠിക്കുന്നു പഠിപ്പിക്കുന്നതിനായി പരമാത്മാവ് ജീവാത്മാവാകുന്നു. അങ്ങനെ ഇതിൽ പ്രവേശിച്ച് ഇദ്ദേഹത്തെയും (ബ്രഹ്മാവിനെ) ബ്രഹ്മാ മുഖ വംശാവലിയെയും പഠിപ്പിക്കുന്നു. സ്വയം ബ്രഹ്മാവിനെ മുഖവംശാവലിയെന്ന് പറയില്ല. ബ്രാഹ്മണർ ബ്രഹ്മാ മുഖവംശാവലികളാണ്. ബ്രഹ്മാവ് ശിവന്റെ മുഖവംശാവലിയല്ല. ശിവബാബ ഇതിൽ വന്ന് പ്രവേശിച്ച് തന്റേതാക്കുന്നു. ഇതും രചനയാണ്. ആദ്യം ബ്രഹ്മാവിനെയാണ് രചിക്കുന്നത്, വിഷ്ണുവിനെയല്ല രചിക്കുന്നത്. പറയുന്നതും ബ്രഹ്മാ, വിഷ്ണു, ശങ്കരനെന്നാണ്. അല്ലാതെ വിഷ്ണു, ശങ്കരൻ, ബ്രഹ്മാവെന്നല്ല. ആദ്യം ബ്രഹ്മാവിനെയാണ് രചിക്കുന്നത്. ബ്രഹ്മാവിന്റെ കർത്തവ്യം വ്യത്യസ്തമാണ്. ഈ ഓരോ കാര്യങ്ങളും മനസ്സിലാക്കുന്നതിനുള്ളതാണ്. അങ്ങ് തന്നെയാണ് മാതാവും–പിതാവും.... എന്നാണ് പറയാറുള്ളത്. എങ്കിലത് നിരാകാരനായിരിക്കില്ലേ. അതുകൊണ്ട് സാകാരത്തിലും മാതാ–പിതാവ് ആവശ്യമാണ് അപ്പോൾ ചോദിക്കുന്നു – മമ്മക്ക് മാതാവുണ്ടോ? ഉണ്ടെന്ന് പറയും. ബ്രഹ്മാവ്, മമ്മയുടെയും മാതാവാണ്. ബ്രഹ്മാവിന് മാതാവില്ല. ഈ അമ്മ (ബ്രഹ്മാവ്) സ്ത്രീയല്ലാത്തത് കാരണമാണ് സരസ്വതിയെ മമ്മയെന്ന് പറയുന്നത്. ബാബ പഠിപ്പിക്കുമ്പോൾ ഇദ്ദേഹവും പഠിക്കുന്നു. ഏതുപോലെ നിങ്ങൾ വിദ്യാർത്ഥിയാണോ അതുപോലെ തന്നെയാണ് ഇദ്ദേഹവും. ശിവബാബ വിദ്യാർത്ഥിയല്ല.

നിങ്ങൾ കുട്ടികൾ ബ്രഹ്മാവിന്റെ പദവിയും കണ്ടുകൊണ്ടിരിക്കുന്നുണ്ട് ഏറ്റവും കൂടുതൽ പഠിക്കുന്നത് ഇദ്ദേഹമാണ്. ഇദ്ദേഹം തീർത്തും സമീപത്താണെന്നത് കാണുന്നുണ്ട്. ആദ്യം ആരുടെ കാതുകളാണ് കേൾക്കുന്നത്? ഈ ബ്രഹ്മാവാണ് ഏറ്റവും സമീപം. അപ്പോൾ മമ്മാ ബാബയാണ് ഏറ്റവും കൂടുതൽ പഠിക്കുന്നതെന്ന് പറയും, പിന്നീട് സംഖ്യാക്രമത്തിൽ കുട്ടികളും പഠിക്കുന്നു. എന്നാൽ പോലും ബാബ പറയാറുണ്ട് മകൻ ജഗദീശാണ് ഏറ്റവും നന്നായി മനസ്സിലാക്കി കൊടുക്കുന്നത്. ബാബയുടെ മുരളി പഠിച്ച്, ധാരണ ചെയ്ത്, ശേഷം ഗീത, *മാഗസിൻ* മുതലായവ ഉണ്ടാക്കുന്നു എന്തുകൊണ്ടെന്നാൽ ഇദ്ദേഹം ശാസ്ത്രം മുതലായവ പഠിച്ചിട്ടുണ്ട്. *ഇംഗ്ലീഷിലും* സമർത്ഥനാണ്. ഇതിനെയാണ് ബഹുമാനമെന്ന് പറയുന്നത്. വിദ്യാർത്ഥികൾക്ക് പരസ്പരം ബഹുമാനം കൊടുക്കണം. ബാബ പോലും ബഹുമാനം കൊടുക്കുന്നില്ലേ. അതുകൊണ്ട് ബാബയെ അനുകരിക്കണം. ഇപ്പോൾ 16 കലാ സമ്പൂർണ്ണരായി മാറിയിട്ടില്ല. സംഖ്യാക്രമമല്ലേ. എന്തെങ്കിലുമെല്ലാം തെറ്റ് എല്ലാവരിൽ നിന്നും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട് അതുകൊണ്ട് സ്വയം മിഥ്യാ ജ്ഞാനിയാകരുത്. എങ്ങനെയുള്ള കർമ്മമാണോ ബാബ ചെയ്യുന്നത് അഥവാ ഞാൻ ചെയ്യുന്നത്, എന്നെ നോക്കി എല്ലാവരും ചെയ്യും. അതുകൊണ്ട് പരസ്പരം ബഹുമാനിക്കണം. ബാബയ്ക്കു പോലും ആദരവ് നൽകേണ്ടതായുണ്ട്. ആളുകൾ പറയുന്നു ഇവർ ഭാര്യാ–ഭർത്താക്കൻമാരെ സഹോദരിയും സഹോദരനുമാക്കുന്നു. അപ്പോൾ ആരാണോ ബുദ്ധിവാൻമാരായ കുട്ടികൾ അവർ ഉടനെ തന്നെ പറയും പരമാത്മാവിന്റെ കുട്ടികളാണെങ്കിൽ സഹോദരിയും സഹോദരനുമായില്ലേ. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ സഹോദരി–സഹോദരന്മാരല്ലേ. സഹോദരനും സഹോദരിയുമാകുന്നത് നല്ലതല്ലേ. ബാബയുടെ കുട്ടിയാകുകയാണെങ്കിൽ സമ്പത്തെടുക്കാൻ സാധിക്കും. സമ്പത്ത് ലഭിക്കണം – ശിവബാബയിൽ നിന്ന് ബ്രഹ്മാവിലൂടെ. എങ്കിൽ ബ്രഹ്മാകുമാരനും കുമാരിയും ആകേണ്ടതായുണ്ട്. പിന്നീടൊരിക്കലും

വികാരത്തിലേക്ക് പോകാൻ സാധിക്കില്ല. അല്ലെങ്കിൽ *ക്രിമിനൽ* കുറ്റമാകും. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. പവിത്രമായി കഴിയുന്നതിനുള്ള യുക്തികളും പറഞ്ഞ് തരുന്നു. പത്നിയും ബാബയെന്ന് പറയുന്നു, പതിയും ബാബയെന്ന് പറയുന്നു. അപ്പോൾ ഭാര്യാ-ഭർത്താവെന്ന ബോധം ഇല്ലാതാകും. മനുഷ്യരും പറയാറുണ്ട് ആദം ബീവിയിലൂടെയാണ് സൃഷ്ടിയുടെ സ്ഥാപന നടന്നത് അപ്പോൾ എല്ലാവരും അവരുടെ മക്കളാണ്. സഹോദരനും സഹോദരിയുമാണ്. കുമാരനും കുമാരിക്കും ഇത്രയും പരിശ്രമമില്ല. ആരാണോ കോണി കയറിയത് അവർക്ക് ഇറങ്ങേണ്ടതായുണ്ട്. ഇറങ്ങുന്നതിൽ പരിശ്രമമുണ്ട്. രണ്ട് പേരും വേറെ-വേറെ കഴിയുകയല്ല വേണ്ടത്. കേവലം കൂട്ടുകാരായി കഴിയൂ. സത്യയുഗത്തിൽ ആരും അപവിത്രമായിരിക്കില്ല. അവിടെ സന്താനങ്ങൾക്കായി കാത്തിരിക്കുകയുമില്ല. ഇവിടെ കുട്ടികൾക്കായി കാത്തിരിക്കുന്നു. അവിടെ സമയമനുസരിച്ച് സ്വയം തന്നെ സാക്ഷാത്ക്കാരമുണ്ടാകുന്നു. ഇതെങ്ങനെ സാധിക്കുമെന്ന് മനുഷ്യർ പറയുന്നു. അവിടെ നിർവ്വികാരികളാണ് ഉള്ളതെന്ന് ഇവിടുത്തെ സമ്പൂർണ്ണ വികാരി എങ്ങനെ മനസ്സിലാക്കാനാണ്. അവിടെ ദേഹ-അഭിമാനം ഉണ്ടായിരിക്കില്ല. ഇവിടെ ദേഹ-അഭിമാനമാണ്. ദേഹം ഉപേക്ഷിക്കുന്നതിൽ മനുഷ്യർ എത്രയാണ് കരയുന്നത്. അവിടെ കരച്ചിൽ ഉണ്ടായിരിക്കില്ല. അവിടെ സമയമനുസരിച്ച് സാക്ഷാത്ക്കാരമുണ്ടാകുന്നു ശരീരം ഉപേക്ഷിച്ച് പോയി രാജകുമാരനാകണം. ഇവിടെയും നിങ്ങൾ സാക്ഷാത്ക്കാരം ചെയ്യുന്നു ഭാവിയിൽ നമ്മൾ പോയി മഹാരാജാവും മഹാറാണിയുമാകും. കൃഷ്ണനെ പോലെയുള്ള കുട്ടിയെ മടിത്തട്ടിൽ കാണുന്നു. സാക്ഷാത്ക്കാരത്തിലൂടെ ഇതറിയാൻ സാധിക്കില്ല അതായത് സൂര്യവംശീ മഹാരാജാ മഹാറാണിയാകുമോ അതോ ചന്ദ്രവംശിയാകുമോ എന്തുകൊണ്ടെന്നാൽ ഇത് തീർത്തും പുതിയ കാര്യമാണ് അതുകൊണ്ടാണ് പറയുന്നത് ആദ്യം ബാബയെ തിരിച്ചറിയൂ, ബാബ പറയുന്നത് നോക്കൂ ഞാനെത്ര സ്നേഹിയാണ്!

ബാബ പറയുന്നു ഞാൻ സർവ്വ സംബന്ധങ്ങളുടെയും *സാക്രീനാണ്*, ഞാൻ പറയുന്നു എന്നെ ഓർമ്മിക്കൂ. പറയുന്നുണ്ട് ത്വമേവ മാതാശ്ച പിതാ.... ഓരോരോ കാര്യത്തിലും നിശ്ചയം വരുത്തിക്കണം. എന്നാൽ എന്തെങ്കിലുമെല്ലാം കാര്യത്തിൽ സംശയം വരുന്നു. പിന്നീട് രാജ പദവി നേടാൻ സാധിക്കില്ല അതുകൊണ്ട് ബാബ പറയുന്നു മൻമനാഭവ. ബാബയെ ഓർമ്മിക്കുന്നുണ്ടെങ്കിൽ നിങ്ങൾ പ്രിയതമയാണ്. ഇതാണ് ആത്മീയ പ്രിയതമനും പ്രിയതമയും. നമ്മൾ ആത്മാവ് പരമാത്മാവിന്റെ പ്രിയതമകളാണ് ഇത് പക്കയാക്കിക്കണം. കൃഷ്ണന് എല്ലാവരുടെയും പ്രിയതമനാകാൻ സാധിക്കില്ല. കൃഷ്ണനെ എല്ലാവരും ഓർമ്മിക്കുന്നുമില്ല. മൻമനാഭവയെന്ന് ബാബയാണ് പറയുന്നത്. ഇപ്പോൾ എന്റടുത്തേക്ക് വരണം, നാടകം പൂർത്തിയാകണം, വീട്ടിലേക്ക് പോകണം. അപ്പോൾ തീർച്ചയായും വീട് ഓർമ്മ വരും. ഓരോ കാര്യത്തിന്റെയും ജ്ഞാനം മുരളിയിൽ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. കുട്ടികൾ മുരളി *നോട്ട്* ചെയ്യുന്നില്ല പിന്നെ പറഞ്ഞ അതേ കാര്യങ്ങൾ തന്നെ ബാബയോട് ചോദിച്ചുകൊണ്ടിരിക്കുന്നു. മുഖ്യമായ കാര്യം പ്രിയതമനും പ്രിയതമയുടെതുമാണ്. എല്ലാ ഭക്തരും പ്രിയതമകളാണ് എന്തുകൊണ്ടെന്നാൽ പരമാത്മാവിനെയാണ് ഓർമ്മിക്കുന്നത്. പറയുന്നു എന്റേത് ഒരാൾ മാത്രം രണ്ടാമതൊരാളില്ല. നിങ്ങൾ കുട്ടികൾ ഈ സമയം എല്ലാം പുതിയ-പുതിയ കാര്യങ്ങളാണ് കേൾക്കുന്നത്. എന്നാൽ കേൾക്കെ-കേൾക്കെ മായ പ്രഹരിക്കുന്നു. രാവണൻ ഒട്ടും കുറഞ്ഞതല്ല. ബാബ സർവ്വശക്തിവാനാണ്, മായയും സർവ്വശക്തിവാനാണ്. അരകൽപം മായയുടെ രാജ്യമാണ് നടക്കുന്നത്. ഇപ്പോൾ ബാബ പറയുന്നു 5 വികാരങ്ങളുടെ ദാനം നൽകുകയാണെങ്കിൽ ഗ്രഹപ്പിഴ ഒഴിയും. എന്നിട്ടും ഒറ്റയടിക്ക് പോകുന്നില്ല. ചിലർ ദാനം നൽകി പിന്നീട് തിരിച്ചെടുക്കുന്നു. ഇത് പണത്തിന്റെ കാര്യമല്ല, വികാരങ്ങളുടെ കാര്യമാണ്. സാധു സന്യാസിമാർ പണത്തെക്കുറിച്ചാണ് ദാനം നൽകി പിന്നീട് തിരിച്ചെടുക്കരുതെന്ന് പറയുന്നത് കാരണം അതിലാണ് അവരുടെ സമ്പാദ്യമുള്ളത്. പല ആളുകളും സന്യാസിമാരുടെ അടുത്ത് പോയി കുട്ടിയെ വേണം എന്നെല്ലാം പറയാറുണ്ട്. അപ്പോൾ പറയും എന്റെ ആശീർവ്വാദത്തിലൂടെ എല്ലാം ശരിയാകും. അഥവാ കുട്ടിയെ ലഭിച്ചാൽ ഞാൻ നൽകിയതാണെന്ന് പറയും. മരിച്ചാൽ പറയും വിധി. ഇനി ആർക്കെങ്കിലും എന്തെങ്കിലും നേട്ടമുണ്ടായാൽ ധാരാളം പേർക്ക് വിശ്വാസവും വരുന്നു. അങ്ങനെ അവരുടെ അഭിവൃദ്ധി ഉണ്ടാകുന്നു. ഒരുവശത്ത് തന്റെ മഹിമ നടത്തുന്നു മറുവശത്ത് വിധിയെന്ന് പറയുന്നു. നിങ്ങൾ ഈ സമയം അറിയപ്പെടാത്ത യോദ്ധാക്കളാണ്. സ്ഥൂലമായ അറിയപ്പെടാത്ത യോദ്ധാക്കളുടെ സ്മാരകങ്ങൾ ഉണ്ടാക്കാറുണ്ട്, അവിടെ വലിയ-വലിയ ആളുകളെല്ലാം പോകുന്നു. സൈനികർക്ക് പുഷ്പാർച്ചന നടത്തുവെന്ന് പറയുന്നു. നോക്കൂ അറിയുകയേ ഇല്ലാത്തവരുടെ ഓർമ്മ ചിഹ്നം എങ്ങനെയാണുണ്ടാക്കുക. നിങ്ങളിപ്പോൾ അറിയപ്പെടാത്തവരാണ് പിന്നീട് വളരെ അറിയപ്പെടുന്നവരാകുന്നു. നിങ്ങളുടെ ക്ഷേത്രമുണ്ടാകുന്നു ഇപ്പോൾ നിങ്ങൾ ഗുപ്തമായി രാമരാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ശരി-

മധുര-മധുരമായ കുട്ടികൾ, കളഞ്ഞ് പോയി വീണ്ടുകിട്ടിയ കുട്ടികളായിരിക്കുകയല്ലേ! അയ്യായിരം വർഷങ്ങൾക്ക് ശേഷം കണ്ടുമുട്ടിയിരിക്കുന്നു. ആരുടെയെങ്കിലും കാണാതായ കുട്ടിയെ വീണ്ടുകിട്ടുകയാണെങ്കിൽ മാതാ-പിതാക്കൾക്ക് എത്ര സന്തോഷമുണ്ടായിരിക്കും, കുട്ടിയും അച്ഛാ-അച്ഛാ

എന്ന് പറഞ്ഞ് കൊണ്ടേയിരിക്കും. ഇപ്പോൾ വിനാശം സംഭവിക്കുന്നു നിങ്ങളെ കാണാനില്ല അർത്ഥം ബാബയിൽ നിന്ന് വേർപിരിയുന്നു. പിന്നീട് കൽപത്തിന് ശേഷം ബാബയുമായി കണ്ടുമുട്ടുമ്പോൾ ബാബയ്ക്ക് എത്ര സ്നേഹമുണ്ടായിരിക്കും. അരകൽപം നിങ്ങൾ സുഖം അനുഭവിക്കുന്നു. പിന്നീട് പതുക്കെ-പതുക്കെ ദുഃഖിയാകുന്നു. സുഖം കാകവിഷ്ട സമാനമാണെന്ന് സന്യാസി പറയാറില്ലേ. അതും വികാരത്തെക്കുറിച്ചാണ് പറയുന്നത്. ഗുരുനാനാക്കും പറഞ്ഞിട്ടുണ്ട് - മാലിന്യം നിറഞ്ഞ വസ്ത്രം കഴുകി, ആരാണ് കഴുകുന്നത്! അത് ഒരേഒരു പരമാത്മാവ് തന്നെയാണ്, അവരെ തന്നെയാണ് ഏക് ഓംകാർ.... സിഖ്കാർ ഇത് പാടിക്കൊണ്ടിരിക്കുന്നു. ഈ ജ്ഞാനത്തിൽ നിങ്ങൾ കുട്ടികളുടെ ബുദ്ധി വളരെ വളരെ സമർത്ഥമായിരിക്കണം എന്തുകൊണ്ടെന്നാൽ ആത്മാവിനെ ഉണർത്തണം. അപ്പോൾ ആത്മാവും സമർത്ഥമാകും. ചില-ചില കുട്ടികളുടേത് വളരെ സമർത്ഥമായ ബുദ്ധിയാകുന്നു. മാതാക്കളും, കന്യകമാരും വളരെ നന്നായി മുന്നോട്ട് വരുന്നു. അല്ലെങ്കിൽ മാതാക്കളിരുന്ന് പതിക്ക് മനസ്സിലാക്കി കൊടുക്കണം ഇതിൽ വളരെയധികം ധൈര്യവും നിർഭയതയും വേണം. ബാക്കി എല്ലാവരും നരകവാസികളാണ്, ദുർഗതിയിലാണ്. അവർ ഭക്തിയിൽ നന്നായി നൃത്തം ചെയ്ത് കൈകൊട്ടിക്കൊണ്ടിരിക്കുന്നു, എന്നാൽ സദ്ഗതി ഉണ്ടാകുന്നില്ല. നിങ്ങൾ കുട്ടികൾ സദ്ഗതിയിലേക്ക് പോകുന്നതിനായി തീർത്തും മൗനമായിരിക്കുന്നു. ഞാൻ ലക്ഷ്മിയെ വരിക്കട്ടെ എന്ന് നാരദൻ ചോദിച്ചു. വാസ്തവത്തിൽ ലക്ഷ്മിയെ വരിക്കുന്നതിനായി നിങ്ങളാണ് പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത്. ഭക്തന് വരിക്കാൻ സാധിക്കില്ല. ലക്ഷ്മീ-നാരായണന് എങ്ങനെയാണ് രാജ്യം ലഭിച്ചത്, എപ്പോഴാണ് ലഭിച്ചത്, അവരിപ്പോൾ എവിടെ പോയി, ഇത് കേവലം നിങ്ങൾ മാത്രമാണ് അറിയുന്നത് അതുകൊണ്ടാണ് നിങ്ങൾ ക്ഷേത്രത്തിൽ പോയി തലകുനിക്കാത്തത്. നമ്മൾ തന്നെയാണ് ലക്ഷ്മീ-നാരായണനായിക്കൊണ്ടിക്കുന്നതെന്ന് മനസ്സിലാക്കുന്നുണ്ട്. നിങ്ങളുടെ തലകുനിക്കൽ അവസാനിച്ചിരിക്കുന്നു. അവർ പറയുന്നു ഇവർ നാസ്തികരാണ്, തലകുനിക്കുന്നില്ല. വാസ്തവത്തിൽ നിങ്ങൾ മാത്രമാണ് ആസ്തികർ- സംഖ്യാക്രമത്തിലുള്ള പുരുഷാർത്ഥമനുസരിച്ച്. അവർ നാസ്തികരാണ് പരമാത്മാവിനെ അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ സനാഥരായിരിക്കുന്നു എന്നാൽ മായ പ്രഹരിക്കുന്നതിലൂടെ അനാഥരാകുന്നു, നിർധനരാകുന്നു. ഇനി വൃദ്ധനാകട്ടെ എന്നാൽ മായ അവരെ പോലും യുവാവാക്കി മാറ്റുന്നു. മായയുടെ കൊടുങ്കാറ്റ് വരുന്നു. നിങ്ങൾക്ക് പരസ്പരം കൈകോർത്ത്, സഹയോഗിയായി ഈ പുതിയ യാത്രയിൽ, ബാബയുടെ ശ്രീമതത്തിലൂടെ നടന്നുകൊണ്ടിരിക്കണം. മുഴുവൻ ആധാരവും ബുദ്ധിയുടെ യാത്രയിലാണ്. അംഗദനെ പോലെ അചഞ്ചലരും-ഉറച്ചവരുമാകണം. അന്തിമത്തിൽ ഈ അവസ്ഥ വരണം. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1) പരസ്പരം കൈപിടിച്ച്, സഹയോഗിയായി ബാബയുടെ ശ്രീമതത്തിലൂടെ നടന്നുകൊണ്ടിരിക്കണം. സർവ്വ സംബന്ധങ്ങളുടെയും *സാക്രീനായ* ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം.

2) ഏതുപോലെയാണോ ബാബ ഓരോ കുട്ടിക്കും ആദരവ് നൽകുന്നത്, അതുപോലെ പിൻതുടരണം. തന്നെക്കാൾ മുതിർന്നവർക്ക് തീർച്ചയായും ബഹുമാനം കൊടുക്കണം.

## വരദാനം :- ഒന്നും പുതിയതല്ല എന്ന പാഠത്തിലൂടെ വിഘ്നങ്ങളെ കളിയെന്ന് മനസ്സിലാക്കി മറികടക്കുന്നവരായ അനുഭവീ മൂർത്തിയായി ഭവിക്കട്ടെ.

വിഘ്നങ്ങളെ കണ്ട് പരിഭ്രമിക്കരുത്. വിഗ്രഹം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണെങ്കിൽ ചുറ്റിക കൊണ്ടുള്ള പ്രഹരം കുറച്ച് ഏൽക്കേണ്ടതായി വരും. ചുറ്റിക കൊണ്ട് തന്നെയാണ് മുട്ടി-മുട്ടി ശരിയാക്കിയെടുക്കുന്നത്. അതിനാൽ എത്രയും മുന്നേറുന്നുവോ അത്രയും കൂടുതൽ കൊടുങ്കാറ്റിനെ നേരിടേണ്ടി വരും. എന്നാൽ താങ്കളെ സംബന്ധിച്ച് ഈ കൊടുങ്കാറ്റ് ഉപഹാരമാണ് അനുഭവിയാകുന്നതിന്റെ- അതിനാൽ ഇങ്ങനെ ചിന്തിക്കരുത് ഇതെന്താ എല്ലാ വിഘ്നങ്ങളുടെയും അനുഭവം എന്റെയടുത്ത് മാത്രം വരുന്നത്, ഇങ്ങനെയല്ല. വരൂ എന്ന് പറഞ്ഞ് സ്വാഗതം ചെയ്യൂ. ഒന്നും പുതിയതല്ല എന്ന പാഠം പക്കാ ആക്കുകയാ

ണെങ്കിൽ ഈ വിഘ്നം കളിയായി തോന്നും.

**സ്ലോഗൻ:– സത്യതയുടെ വിശേഷത ഉണ്ടെങ്കിൽ ആത്മാവാകുന്ന രത്നത്തിന്റെ തിളക്കം സ്വതവേ നാലുവശത്തും വ്യാപിക്കും.**

**മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യങ്ങൾ**

അഥവാ ആരെങ്കിലും നിങ്ങളോട് ചോദിക്കുകയാണ് അതായത് ഈ സംഗമയുഗ സമയത്ത് ലഭിച്ചു കൊണ്ടിരിക്കുന്ന ഈശ്വരീയ ജ്ഞാനം വീണ്ടും സത്യയുഗത്തിൽ ലഭിക്കുമോ? ഇപ്പോൾ ഇക്കാര്യത്തിൽ മനസ്സിലാക്കിത്തരികയാണ് അതായത് സത്യയുഗത്തിൽ നാം സ്വയം ജ്ഞാനസ്വരൂപരായിരിക്കും. ദേവതാ പദവിയിൽ പ്രാലബ്ധം അനുഭവിച്ചുകൊണ്ടിരിക്കും, അവിടെ ജ്ഞാനത്തിന്റെ കൊടുക്കൽ-വാങ്ങൽ നടക്കുകയില്ല. ഇപ്പാൾ ജ്ഞാനത്തിന്റെ ആവശ്യകതയുള്ളത് അജ്ഞാനികൾക്കാണ്. പക്ഷെ അവിടെ എല്ലാവരും ജ്ഞാനസ്വരൂപരായിരിക്കും, ജ്ഞാനം കൊടുക്കേണ്ടതിനായി അവിടെ യാതൊരു അജ്ഞാനി പോലും ഉണ്ടായിരിക്കില്ല. ഇപ്പോഴാണെങ്കിൽ നമുക്ക് മുഴുവൻ വിരാട നാടകത്തിന്റെ ആദി-മദ്ധ്യ- അന്ത്യത്തെ അറിയാം. ആദിയിൽ നാം ആരായിരുന്നു, എവിടെ നിന്നാണ് വന്നത്, പിന്നെ മദ്ധ്യത്തിൽ കർമ്മബന്ധനത്തിൽ കുടുങ്ങി എങ്ങിനെയാണ് വീണത്, അന്തിമത്തിൽ നമുക്ക് കർമ്മബന്ധനത്തിന് അതീതമായി കർമ്മാതീത ദേവതയായി മാറണം. ഇപ്പോൾ എന്ത് പുരുഷാർത്ഥമാണോ നടന്നുകൊണ്ടിരിക്കുന്നത് അതിലൂടെ നമ്മൾ ഭാവി പ്രാലബ്ധമായ സത്യയുഗി ദേവതകളായി മാറുന്നു. അഥവാ അവിടെ നമ്മൾ ദേവതകൾക്ക് അധ:പതിക്കുമെന്ന് അറിയുമെങ്കിൽ ഈ ചിന്ത വരുന്നതിലൂടെ നമ്മുടെ സന്തോഷം നഷ്ടപ്പെടുന്നു, അതിനാൽ അവിടെ വീഴുന്നതിന്റെ അറിവ് ഉണ്ടാകില്ല. ഈ ചിന്ത അവിടെ ഉണ്ടായിരിക്കില്ല. നമുക്ക് ഈ ജ്ഞാനത്തിലൂടെ ഇപ്പോൾ മനസ്സിലായി അതായത് നമുക്ക് കയറണം, സുഖമയ ജീവിതം ഉണ്ടാക്കുകയും വേണമെന്ന്. പിന്നെ അരകൽപത്തിന് ശേഷം തങ്ങളുടെ പ്രാലബ്ധം അനുഭവിച്ച് വീണ്ടും സ്വയം സ്വയത്തെ വിസ്മരിച്ച് മായക്ക് വശപ്പെട്ട് വീണുപോകുന്നു. ഈ കയറ്റവും വീഴ്ചയും അനാദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. ഈ മുഴുവൻ ജ്ഞാനവും ഇപ്പോൾ ബുദ്ധിയിലുണ്ട്, ഈ ജ്ഞാനം സത്യയുഗത്തിൽ ഉണ്ടായിരിക്കില്ല.

2. പലർക്കും ഇതറിയാം അതായത് നമ്മൾ എന്ത് തന്നെ കർമ്മം ചെയ്യുന്നുവോ അത് നല്ല കർമ്മമാകട്ടെ മോശമാകട്ടെ അതിന്റെ ഫലം  അവശ്യം ലഭിക്കുമെന്ന്. ചിലർ ദാന പുണ്യങ്ങൾ ചെയ്യുന്നു, യജ്ഞങ്ങൾ നടത്തുന്നു, പൂജാ പാഠങ്ങൾ ചെയ്യുന്നു, അവർ മനസ്സിലാക്കുന്നു, ഞങ്ങൾ ഈശ്വരാർത്ഥം എന്തെല്ലാം ദാനം ചെയ്യുന്നുവോ അവയെല്ലാം തന്നെ പരമാത്മാവിന്റെ ദർബാറിൽ എത്തിച്ചേരും, ഞങ്ങൾ മരിച്ചാൽ അവയുടെ ഫലം അവശ്യം ലഭിക്കും, ഞങ്ങൾക്ക് മുക്തിയും ലഭിക്കും. പക്ഷെ ഇതാണെങ്കിൽ നമുക്കറിയാം ഇങ്ങനെ ചെയ്യുന്നതിലൂടെ സദാ കാലത്തേക്ക് യാതൊരു ഫലവും ലഭിക്കുകയില്ല. എന്തെല്ലാം കർമ്മങ്ങൾ ചെയ്യുന്നുവോ അതിലൂടെ അൽപകാലത്തേക്ക് ക്ഷണഭംഗുര സുഖത്തിന്റെ പ്രാപ്തി അവശ്യം ലഭിക്കുമെന്നത് പോലെയാണിത്. അഥവാ ഈ പ്രായോഗിക ജീവിതത്തിൽ സദാ സുഖിയാകുന്നില്ല എങ്കിൽ അതിന്റെ റിട്ടേണും ലഭിക്കുകയില്ല. നിങ്ങൾ എന്തെല്ലാം തന്നെ ചെയ്തുവന്നുവോ അതെല്ലാം ചെയ്യുന്നതിലൂടെ നിങ്ങൾക്ക് പൂർണ്ണഫലം ലഭിച്ചുവോ എന്ന് ചോദിച്ചാൽ അവർക്ക് ഉത്തരം മുട്ടും- ഇപ്പോൾ പരമാത്മാവിന്നടുത്ത് എത്തിച്ചേർന്നോ അതോ ഇല്ലേ എന്നത് ഞങ്ങൾക്കെങ്ങനെ അറിയാം? ഏത് വരെ തന്റെ പ്രായോഗിക ജീവിതത്തിൽ കർമ്മശ്രേഷ്ഠരാകുന്നില്ലയോ അതുവരെ എത്രതന്നെ പ്രയത്നിച്ചാലും മുക്തി-ജീവന്മുക്തി പ്രാപ്തമാകുകയില്ല. ശരി, ദാനപുണ്യം ചെയ്തു പക്ഷെ അങ്ങനെ ചെയ്യുന്നതിലൂടെ വികർമ്മങ്ങളൊന്നും ഭസ്മമായില്ല, പിന്നെ മുക്തി-ജീവൻമുക്തി എങ്ങനെ പ്രാപ്തമാകും? ഇത്രയും സന്യാസീ മഹാത്മാക്കളുണ്ടെങ്കിലും ഏത് വരെ അവർക്ക് കർമ്മത്തിന്റെ ജ്ഞാനം ഇല്ലയോ അതുവരെ ആ കർമ്മം അകർമ്മമാകുകയില്ല, അവർ മുക്തി-ജീവന്മുക്തി പ്രാപ്തമാക്കുകയുമില്ല. അവർക്ക് ഇതും അറിയില്ല-സത്യധർമ്മം എന്താണ്, സത്യ കർമ്മം എന്താണ്, കേവലം വായിലൂടെ രാമ-രാമ എന്ന് ഉരുവിടുന്നതിലൂടെ മുക്തിയൊന്നും ലഭിക്കുകയില്ല. ബാക്കി മരിച്ചശേഷം ഞങ്ങൾക്ക് മുക്തി കിട്ടും എന്ന് കരുതിയിരിക്കുക – ഇങ്ങനെയുള്ളവരെയും അവിവേകികളെന്നേ പറയൂ. അവർക്ക് ഇതറിയുകയേയില്ല മരിച്ചതിന് ശേഷം എന്ത് മെച്ചമാണ് കിട്ടുക, ഒന്നുമേ ലഭിക്കില്ല. മനുഷ്യർ തങ്ങളുടെ ജീവിതത്തിൽ മോശ കർമ്മമാകട്ടെ, നല്ല കർമ്മമാകട്ടെ ചെയ്താൽ അതും ഈ ജീവിതത്തിൽ തന്നെ അനുഭവിക്കേണ്ടതുണ്ട്. ഇപ്പോൾ ഈ മുഴുവൻ ജ്ഞാനവും നമുക്ക് പരമാത്മാ ടീച്ചർ മുഖേന കിട്ടിക്കൊണ്ടിരിക്കുന്നുണ്ട് അതായത് എങ്ങനെ ശുദ്ധ കർമ്മം ചെയ്ത് തന്റെ പ്രായോഗിക ജീവിതം മെച്ചമാക്കണം. ശരി ഓം ശാന്തി.